പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3078 03.04.2013 -ലെ മറുപടിക്ക്

## നിയമവിരുദ്ധമായുള്ള കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>„ വി.പി.സജീന്ദ്രൻ<br>„ എ.പി.അബ്ദുള്ളക്കുട്ടി<br>„ ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് നഗരങ്ങളിൽ നിയമ വിരുദ്ധമായുള്ള കെട്ടിട നിർമ്മാണങ്ങൾ വ്യാപകമായി നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് നഗരങ്ങളിൽ നിയമവിരുദ്ധമായുള്ള കെട്ടിട നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർമ്മാണങ്ങൾ തടയുന്നതിനായി ടൗൺ പ്ലാനിംഗ് വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളത്;വിശദാംശങ്ങൾ നല്കുമോ: | (ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ അദ്ധ്യായം III, XX, XXIII എന്നിവയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ പ്രതിപാദിക്കുന്നുണ്ട്. ചട്ടം 157 പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിനുവേണ്ടി ജില്ലാതല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുന്നതിനായി സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) മാത്രമുണ്ടായിരുന്ന വിജിലൻസ് സംവിധാനം വകുപ്പിലെ 16 പേരെ കൂടി ഉൾപ്പെടുത്തി താൽക്കാലികമായി ശക്തിപ്പെടുത്തി. പ്രസ്തുത ടീം വിവിധ നഗരസഭകളിൽ പരിശോധന നടത്തി നിരവധി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അവയ്ക്കെതിരെ കർശന നടപടി സ്വീകരിച്ചു വരികയുമാണ്. തുടർ പരിശോധനകൾ നടന്നു വരുന്നു. |
| (സി) ടൗൺ പ്ലാനിംഗ് വകുപ്പിന്റെ വിജിലൻസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി)<br>(ഡി) നഗരകാര്യ വകുപ്പിൽ ഒരു സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)മാത്രമുള്ള വിജിലൻസ് സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. 2012 ജൂൺ മാസം അനധി- |

| | |
|---|---|
| ..ı) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | കൃതനിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനായി 16 പേരെകൂടി ഉൾപ്പെടുത്തി താൽക്കാലികമായി പ്രസ്തുത സംവിധാനം ശക്തിപ്പെടുത്തുകയുണ്ടായി. ശക്തമായ ഒരു വിജിലൻസ് സംവിധാനം വകുപ്പിൽ സ്ഥിരമായി ഉണ്ടാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അനധികൃത നിർമ്മാണങ്ങൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ കണ്ടുപിടിക്കുന്നതിന് സഹായകമാകുംവിധം പൊതുജനങ്ങൾക്കു നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരവും തസ്തികയും ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ